സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) കേരളം

എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033

ഫോൺ : 0471-2320826, 2320352ഫാക്സ്: 2320703. ഇ-മെയിൽ: ssakerala@gmail.com

---

നമ്പർ പി.3-737/2017/എസ്.എസ്.എ. തീയതി : 14/03/2017

പ്രേഷിതൻ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
എസ്.എസ്.എ. കേരളം

സ്വീകർത്താവ്

എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും

സർ,

വിഷയം : എസ്.എസ്.എ., കേരളം - 24-03-2017-ന് നടക്കുന്ന ക്ലസ്റ്റർ സംഗമം - സംബന്ധിച്ച്.

സംസ്ഥാന ക്യു.ഐ.പി. മോണിറ്ററിംഗ് സമിതിയുടെ തീരുമാനപ്രകാരം ബി.ആർ.സി. തലത്തിൽ ക്ലസ്റ്റർ സംഗമം തീരുമാനിച്ചിട്ടുണ്ട്. 1 മുതൽ 7 വരെ ക്ലാസ്സുകളെ ഒരു യൂണിറ്റായി പരിഗണിച്ചാണ് ബി.ആർ.സി. തലത്തിൽ ക്ലസ്റ്റർ സംഗമം നടക്കുന്നത്. ക്ലസ്റ്റർ പരിശീലനത്തിന്റെ പ്രധാന ഊന്നൽ മേഖലകൾ താഴെപറയുന്നവയാണ്.

1. ഹൈടെക്ക് വിദ്യാഭ്യാസവും അധ്യാപനവും - സാധ്യതകൾ
2. ജൈവവൈവിധ്യ ഉദ്യാനം എന്ത്? എങ്ങനെ? - മാർഗരേഖ
3. അവധിക്കാല അധ്യാപക പരിശീലനം, പരിശീലന വിശദാംശങ്ങൾ, മുന്നൊരുക്കങ്ങൾ.
4. വിദ്യാലയ വികസന സമിതി, എൻറോൾമെന്റ് കാമ്പയിൻ, അവധിക്കാല ക്യാമ്പുകൾ, തുടർപ്രവർത്തനങ്ങൾ

2017 മാർച്ച് 24-ന് നടക്കുന്ന ക്ലസ്റ്റർ സംഗമത്തിന്റെ സുഗമമായ നടത്തിപ്പിന് താഴെപറയുന്ന മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

1. ക്ലസ്റ്റർ സംഗമത്തിന്റെ ചെലവ് അധ്യാപക പരിശീലനം എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ജില്ലകളിൽ ഈ ഫണ്ടിൽ പണം ഇല്ലെങ്കിൽ എൽ.ഇ.പി./ നൂതനാശയ പ്രവർത്തനങ്ങൾ / ഐ.ഇ.ഡി.സി. എന്നീ ശീർഷകങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്നു ചെലവഴിക്കാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 100/- രൂപ മെസ് അലവൻസ് അനുവദിക്കാവുന്നതാണ്. ഡി.ആർ.ജി.മാർക്ക് കെ.എസ്.ആർ. പ്രകാരം അനുവദനീയമായ യാത്രാബത്തയും 200/- രൂപ ഹോണറേറിയവും അനുവദിക്കാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് നോട്ട് പാഡ്, പേന, ഹാന്റ് ഔട്ടുകൾ എന്നിവയ്ക്കായി സ്റ്റേഷനറി ഇനത്തിൽ ഒരാൾക്ക് പരമാവധി 20/- രൂപ വരെ അനുവദിക്കാവുന്നതാണ്.
2. ഓരോ പരിശീലനകേന്ദ്രത്തിലും 40 മുതൽ 60 വരെ അധ്യാപകരെ പങ്കെടുപ്പിക്കാവുന്നതാണ്.

S.V.K.

3. ബി.ആർ.സി.തലത്തിൽ അനുയോജ്യമായ സ്കൂളുകൾ പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടതാണ്.

4. ക്ലസ്റ്റർ സംഗമത്തിന്റെ ആലോചനായോഗം 15-03-2017-ന് ബി.ആർ.സി. കേന്ദ്രങ്ങളിൽ നടത്തേണ്ടതാണ്. പ്രസ്തുത യോഗത്തിൽ എ.ഇ.ഒ., പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി, ട്രെയിനർമാർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഈ യോഗത്തിന്റെ ഭാഗമായി എ.ഇ.ഒ. വഴി എല്ലാ പ്രധാനാധ്യാപകർക്കും 2017 മാർച്ച് 24 -ന് നടക്കുന്ന ക്ലസ്റ്റർ സംഗമത്തിന്റെ അറിയിപ്പ് രേഖാമൂലം നൽകേണ്ടതാണ്. ഈ അറിയിപ്പിൽ പരിശീലനകേന്ദ്രങ്ങളുടെ പേര്, പരിശീലനത്തിന്റെ ഉള്ളടക്കം എന്നിവ സൂചിപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ വച്ച് പരിശീലനകേന്ദ്രങ്ങളെ നിശ്ചയിക്കൽ, ആവശ്യമുള്ള ഡി.ആർ.ജി.മാരുടെ എണ്ണം, പരിശീലനകേന്ദ്രങ്ങൾ ഒരുക്കൽ എന്നിവ തീരുമാനിക്കേണ്ടതാണ്.

5. പരിശീലനത്തിന്റെ മൊഡ്യൂൾ 15-03-2017-നകം എസ്.സി.ഇ.ആർ.റ്റി./എസ്.എസ്.എ. ജില്ലകൾക്ക് അയച്ചുതരുന്നതാണ്.

6. ഡി.ആർ.ജി. പരിശീലനം 17-03-2017 അല്ലെങ്കിൽ 18-03-2017-ന് നടത്താവുന്നതാണ്.

7. ഓരോപരിശീലനകേന്ദ്രത്തിന്റെയും ചുമതല ഓരോ സി.ആർ.സി. കോ-ഓർഡിനേറ്റർമാർക്കും ബന്ധപ്പെട്ട പ്രധാനാധ്യാപകർക്കും നൽകേണ്ടതാണ്.

8. ഒരു പരിശീലനകേന്ദ്രത്തിൽ പരമാവധി മൂന്നു ബാച്ചുകൾ വരെയാകാം.

9. പരിശീലനകേന്ദ്രങ്ങളിൽ കുടിവെള്ളസൗകര്യം, ടോയ്‌ലറ്റ്, ഹാൾ, ഇരിപ്പിടസൗകര്യം, വൈദ്യുതി ലഭ്യത, എൽ.സി.ഡി. പ്രൊജക്ടർ, ലാപ്ടോപ്പ്, എക്സ്റ്റെൻഷൻ കോഡ് എന്നിവയുണ്ടെന്നുറപ്പുവരുത്തണം. കൂടാതെ ചാർട്ടുപേപ്പർ, ഹാന്റൗട്ടുകൾ, വായനക്കുറിപ്പുകൾ, മാർക്കർ പേനകൾ എന്നിങ്ങനെ അവശ്യ സ്റ്റേഷനറി സാധനങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

10. പരിശീലനത്തിനാവശ്യമായ ഹാന്റൗട്ടുകൾ, വർക്ക്ഷീറ്റുകൾ, വായനാസാമഗ്രികൾ, മറ്റു മെറ്റീരിയലുകൾ മുതലായവ മുൻകൂട്ടി തയ്യാറാക്കി പരിശീലനകേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

11. ക്ലസ്റ്റർ മോണിറ്റർ ചെയ്യാനെത്തുന്ന ടീമംഗങ്ങളുടെ പേര് ഹാജർ പുസ്തകത്തിൽ അധ്യാപകരുടെ അവസാനപേരിനു ശേഷം ചേർത്ത് ഒപ്പിടേണ്ടതാണ്.

12. ഉദ്ഘാടനസമ്മേളനങ്ങൾ, പ്രസംഗങ്ങൾ, ദീർഘമായ ആമുഖങ്ങൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

13. പരിശീലനശേഷം റിസോഴ്സ് പേഴ്സൺസ് കൂടിയിരുന്ന് റിവ്യൂ നടത്തേണ്ടതാണ്. അധ്യാപകരുടെ ഫീഡ്ബാക്ക്, തുടർപരിശീലനാവശ്യങ്ങൾ എന്നിവ ക്രോഡീകരിച്ച് റിപ്പോർട്ടുകൾ ബി.ആർ.സി.കളിൽ തയ്യാറാക്കേണ്ടതാണ്.

14. ക്ലസ്റ്റർ സമയത്ത്, ക്ലസ്റ്റർ വിഷയവുമായി ബന്ധമില്ലാത്ത വിഷയങ്ങൾ ചർച്ച ചെയ്യുന്നത് പൂർണമായും ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

S.V.K.